പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3508 — 19.10.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാനത്തൊഴിലാളികളെ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| കേരള സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന ഭാഗമായിരിക്കുന്ന ഇതര സംസ്ഥാനത്തൊഴിലാളികളെ തിരിച്ചറിയുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമായി 'ആവാസ്' എന്ന ഒരു പുതിയ പദ്ധതിയും ഇവർക്കായി ഒരു ആരോഗ്യ ഇൻഷ്വറൻസും കൊണ്ടുവരുമെന്ന് ഈവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഈ കാര്യത്തിലേക്ക് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |

സെക്ഷൻ ഓഫീസർ